പരിസ്ഥിതി പ്രവർത്തകനും നെൽവയൽ–തണ്ണീർത്തട നിയമ സംരക്ഷകനുമായ

**എം. മോഹൻദാസ്**

# ഇത് നിയമത്തിൽ വെള്ളം ചേർക്കലല്ല, വിഷം ചേർക്കലാണ്

**കേരളത്തിലെ** നെൽവയലുകളുടെ അന്നത്തെ അവസ്ഥവച്ച് അനിവാര്യവും അഭികാമ്യവുമായ ഒരു നിയമമാണിത്. നിയമത്തിന്റെ ഉള്ളടക്കവും നിയമ നിർമ്മാണ പ്രക്രിയയും വളരെ മാതൃകാപരമായിരുന്നു. ഭക്ഷ്യസുരക്ഷയെപ്പോലെതന്നെ ജലസുരക്ഷയും തൊഴിൽസുരക്ഷയും പരിസ്ഥിതി സംരക്ഷണവും നെൽവയലുകൾ ഉറപ്പുവരുത്തുന്നുണ്ട് എന്ന് നിയമത്തിന്റെ ആമുഖത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭൂപരിഷ്കരണ നിയമത്തോളവും വിദ്യാഭ്യാസ ബില്ലിനോളവും വളരെയധികം മൗലികമായ പരിഷ്കരണങ്ങൾ കൊണ്ടുവന്ന ഒരു നിയമമായാണ് ഞാൻ ഇതിനെ കാണുന്നത്. നിയമനിർമ്മാണ പ്രക്രിയയും എടുത്തുപറയേണ്ടത് തന്നെയായിരുന്നു. നിയമത്തിന്റെ കരട് തയ്യാറാക്കി സെലക്ട് കമ്മിറ്റിക്ക് വിട്ട ശേഷം പൊതുജനങ്ങളുമായും വിഷയവിദഗ്ധരുമായും പലയിടങ്ങളിലും ബിൽ ചർച്ചചെയ്ത് അഭിപ്രായങ്ങൾ സ്വരൂപിച്ചിരുന്നു. നിയമസഭയിൽ ബിൽ അവതരിപ്പിക്കുന്നത് അതിന് ശേഷമാണ്. അത്രയും സുപ്രധാനമായ ഒരു നിയമമാണ് ഇപ്പോൾ ഭേദഗതിയിലൂടെ അട്ടിമറിച്ചിരിക്കുന്നത്. നിയമത്തിൽ വെള്ളം ചേർക്കുകയല്ല, വിഷം ചേർക്കുകയാണ് സർക്കാർ ചെയ്തിരിക്കുന്നത്. നെൽവയലുകൾ സംരക്ഷണ നിയമം നെൽവയൽ സംഹാര നിയമമായി മാറിയിരിക്കുന്നു.

നടത്തിപ്പുമായി ബന്ധപ്പെട്ട് ഏറെ പ്രശ്നങ്ങളുണ്ടായിരുന്നെങ്കിലും ഈ നിയമത്തിന് പലതും സാധിച്ചിരുന്നു. നിരന്തരമായ നികത്തലിന്റെ കുത്തൊഴുക്ക് നന്നായി കുറഞ്ഞു. നിലം വാങ്ങി തരിശ്ശിട്ട് പതിയെ നികത്തിയെടുക്കുന്ന ഒരു പ്രവണത കേരളത്തിലുണ്ടായിരുന്നു. 'വാങ്ങിത്തരിശ്ശ്' എന്നൊരു പ്രയോഗം തൃശൂരിൽ നിലനിൽക്കുന്നുണ്ട്. ഈ പ്രവണത നിയമം വന്നതിന് ശേഷം കുറഞ്ഞിട്ടുണ്ട്. നിലം വാങ്ങുന്നതിന്റെ തോത് നിയമം വരുന്നതിന് മുമ്പുണ്ടായിരുന്ന 10 വർഷത്തേക്കാൾ കുറവായിരിക്കും നിയമം വന്നശേഷമുള്ള 10 വർഷം എന്നത് ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കണക്കുകൾ പരിശോധിച്ചാൽ വ്യക്തമാകും. വാങ്ങൽ കുറഞ്ഞു എന്നുപറഞ്ഞാൽ അതിനർത്ഥം നികത്തൽ കുറഞ്ഞു എന്നാണ്. അനധികൃതമായി നികത്തിയ പാടങ്ങൾ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിൽ നിയമം പൂർണ്ണമായും പരാജയപ്പെട്ടെങ്കിലും ഭൂ മാഫിയയ്ക്ക് വ്യക്തമായ ഒരു താക്കീത് നിയമത്തിലൂടെ കിട്ടിയിട്ടുണ്ട്. ഈ സാധ്യതകളെയെല്ലാം അട്ടിമറിക്കുന്ന തരത്തിലുള്ള ഭേദഗതിയാണ് ഇപ്പോൾ വന്നിരിക്കുന്നത്. വയൽ നികത്താൻ അനുമതി നൽകുന്ന ഒരു നിയമമായി ഇത് മാറിയിരിക്കുകയാണ്. ഏതുവിധത്തിലും വയൽ സംരക്ഷിക്കുക എന്നതിനല്ല ഊന്നൽ, എങ്ങനെയെല്ലാം നിയമത്തിന്റെ പരിധിയിൽ നിന്നും ഒരു പദ്ധതിയെ ഒഴിവാക്കിക്കൊടുക്കാം എന്നതിനാണ് പ്രാമുഖ്യം. 2017 ഡിസംബറിൽ ഓർഡിനൻസായി വന്നപ്പോൾതന്നെ ഈ ഭേദഗതി നമ്മൾ തടയേണ്ടതായിരുന്നു. ബില്ല് വരുമ്പോൾ ദോഷകരമായി വരില്ലെന്ന് സി.പി.ഐയുടെ തന്നെ നേതാക്കന്മാർ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ഞാൻ അടക്കമുള്ള പലരും ഓർഡിനൻസിനെതിരെ നിയമപരമായി നീങ്ങാതിരുന്നത്. അവരുടെ വാക്ക് വിശ്വാസിക്കാൻ പാടില്ലായിരുന്നു എന്ന് ഇപ്പോൾ ബോധ്യമായി.

നെൽവയൽ നിയമത്തിന്റെ സെക്ഷൻ 5(4)(4) എന്ന വകുപ്പ് വളരെ പ്രധാനമായിരുന്നു. നിയമം വരുന്നതിന് മുമ്പ് ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ ലംഘിച്ച് നികത്തിയ ഭൂമി ഏതാണെന്ന് കണ്ടെത്തി അത് റിപ്പോർട്ട് ചെയ്യുക എന്ന ചുമതല ഈ വകുപ്പ് പ്രകാരം പ്രാദേശികതല നിരീക്ഷണ സമിതിക്കുണ്ടായിരുന്നു. ആ വകുപ്പ്തന്നെ ഭേദഗതിയിലൂടെ ഒഴിവാക്കപ്പെട്ടു. പൊതുആവശ്യം എന്നതിലും നിരവധി പ്രശ്നങ്ങളുണ്ട്. പൊതുആവശ്യത്തിന്റെ പേരിൽ ഏതു നിലവും നികത്താം എന്ന സ്ഥിതിയാണ് നിയമത്തിലൂടെ ഉണ്ടായിരിക്കുന്നത്. ഒരു വ്യക്തി നെൽവയൽ കൃഷി ചെയ്യുന്നതിനായി ഉപയോഗപ്പെടുത്തുകയാണെങ്കിൽപ്പോലും ആ ഭൂമി അയാളിൽ നിന്നും തട്ടിയെടുത്ത് പരിവർത്തനപ്പെടുത്താൻ ഇതിലൂടെ സർക്കാരിന് കഴിയും.

യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ നിയമം അട്ടിമറിക്കുന്നതിനുള്ള ശ്രമമുണ്ടായപ്പോൾ സി.പി.എമ്മും സി.പി.ഐയും അടക്കമുള്ള പ്രതിപക്ഷ കക്ഷികൾ അതിനെ എതിർത്തിരുന്നവരാണ് എന്ന് നമ്മൾ മറക്കരുത്. പ്രതിപക്ഷത്തിന്റെ കൂടി എതിർപ്പുകളുടെ ഫലമായി ഒഴിവാക്കപ്പെട്ട വ്യവസ്ഥകളാണ് ഇപ്പോൾ അതിനേക്കാൾ മാരകമായി പുനരവതരിച്ചിരിക്കുന്നത്. ബിൽ അവതരിപ്പിച്ചു കഴിഞ്ഞ ശേഷം സബ്ജക്ട് കമ്മിറ്റിയിലെത്തിയപ്പോൾ സി.പി.ഐയുടെ നിയമസഭാംഗമായ കെ. രാജൻ സമർപ്പിച്ച, സർക്കാർ പദ്ധതികളെ മാത്രം

പൊതുആവശ്യമായി പരിഗണിക്കുക എന്ന ഭേദഗതി പോലും അംഗീകരിക്കപ്പെട്ടില്ല. പൊതുആവശ്യം എന്ന വ്യവസ്ഥ തന്നെയാണ് വലിയ തിരിച്ചടിയാകാൻ പോകുന്നത്. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട് നെൽകൃഷി ചെയ്യുന്ന ഭൂമി പോലും ഏറ്റെടുക്കാൻ പൊതുആവശ്യത്തിലൂടെ കഴിയും. 2008ലെ നിയമത്തിലും ഇതുണ്ടായിരുന്നു. ആറന്മുള വിമനത്താവളമെല്ലാം അങ്ങനെ വന്നതാണ്. പൊതുആവശ്യം എങ്ങനെ നിർണ്ണയിക്കപ്പെടുന്നു എന്നത് പ്രധാനമാണ്. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഏത് പദ്ധതിയും പൊതുആവശ്യമായി വരും എന്നാണ് ഭേദഗതി നിയമം പറയുന്നത്. പൊതുആവശ്യത്തെ അവ്യക്തമായി നിർവ്വചിച്ചുകൊണ്ട് വലിയ രീതിയിലുള്ള വയൽ നികത്തൽ അവർ ലക്ഷ്യം വയ്ക്കുന്നു എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. നെൽവയൽ സംരക്ഷിക്കാൻവേണ്ടി ഒരു നിയമം നിർമ്മിച്ചെടുക്കാൻ കേരളത്തിലെ കർഷകർക്കും പരിസ്ഥിതി പ്രവർത്തകർക്കും കഴിഞ്ഞു. എന്നാൽ ആ നിയമത്തെ സംരക്ഷിക്കാൻ നമുക്ക് കഴിയാതെപോയി എന്നതാണ് അവസ്ഥ. ■

കേരളത്തിന്റെ നെല്ലറയായ ചിറ്റൂരിനെ പ്രതിനിധീകരിക്കുന്ന

## കെ. കൃഷ്ണൻകുട്ടി എം.എൽ.എ

# വരുമാനം ഇല്ലാത്തതുകൊണ്ടാണ് നെൽവയൽപോലും വിൽക്കുന്നത്

**നിയമം** കൊണ്ട് മാത്രം നെൽകൃഷിയെ നിലനിർത്താൻ കഴിയില്ല. കൃഷിക്കാരൻ നമുക്കെല്ലാം ഭക്ഷണം തരുന്ന ആളായിട്ടും യാതൊരു അംഗീകാരവും അയാൾക്ക് ലഭിക്കുന്നില്ല. മറ്റെന്തെങ്കിലും ജോലിയിൽ കയറിയാൽ സേവകനാണ്. അതുകൊണ്ടാണ് അവർക്കെല്ലാം എല്ലാത്തരം ആനുകൂല്യങ്ങളും ലഭ്യമാകുന്നത്. മൂന്നുനേരം ഭക്ഷണം തരുന്നവരെ നാം സേവകരായി അംഗീകരിക്കുന്നില്ല എന്നതാണ് സത്യം.

1970ൽ ഒരു കർഷകനുണ്ടായിരുന്ന വരുമാനത്തേക്കാൾ കുറവാണ് ഇന്നത്തെ കർഷകർക്കുള്ള വരുമാനം. മറ്റുള്ളവരുടെ വരുമാനം പതിന്മടങ്ങു വർദ്ധിച്ചിട്ടും കർഷകന്റെ വരുമാനം മാത്രം വർദ്ധിക്കുന്നില്ല. പലപ്പോഴും ആവശ്യത്തിനുള്ള പൈസപോലും കിട്ടുന്നുമില്ല. മറ്റുള്ളവർക്ക് ആയിരവും രണ്ടായിരവും ഇരട്ടി വരുമാനം കൂടുമ്പോൾ കൃഷിക്കാരന് ഇപ്പോഴും തുച്ഛമായ തുകയാണ് ലഭിക്കുന്നത്. കൃഷിയിൽ നിന്നും ജീവിക്കാൻ മതിയായ വരുമാനം ലഭിക്കുന്നില്ല എന്നതാണ് പ്രധാന പ്രശ്നം. അങ്ങനെ വരുമ്പോൾ നിത്യജീവിതത്തിനുവേണ്ടി കർഷകൻ ഘട്ടംഘട്ടമായി കൃഷിസ്ഥലം പോലും വിൽക്കാൻ തുടങ്ങും. പലപ്പോഴും ഈ ഭൂമി വാങ്ങുന്നത് ഭൂമാഫിയകളായിരിക്കും. ആവശ്യത്തിനനുസരിച്ച് അവരത് പതിയെ പരിവർത്തനം ചെയ്യും. പത്ത് ഏക്കർ നെൽകൃഷി ചെയ്താൽ മാസം 10,000 രൂപ പോലും കിട്ടുന്നില്ല. ഈ സ്ഥിതി മാറാതെ നെൽകൃഷി മാത്രമെന്നല്ല മറ്റൊരു കൃഷിക്കും നിലനിൽപ്പുണ്ടാവില്ല. ഒരു ഏക്കർ കൃഷി ചെയ്താൽ ഒരു നിശ്ചിത വരുമാനമുണ്ടാകുമെന്ന പുതിയൊരു നയം വരണം. അത് കിട്ടാതെ വരുമ്പോഴാണ് ഭൂമി വിൽക്കുന്നത്. കൃഷിയുമായി ബന്ധമില്ലാത്ത ആളുകളാണ് മിക്കപ്പോഴും ഈ ഭൂമി വില കൊടുത്തു വാങ്ങുന്നത്. ഇതാണ് വയൽ നികത്തലിന്റെ തുടക്കം. അതുകൊണ്ടുതന്നെ ഇതാണ് ചർച്ച ചെയ്യേണ്ടതും. നിയമം എന്തു പറഞ്ഞാലും നിയമത്തെ മറികടക്കാനുള്ള പഴുതുകൾ സമൂഹം എപ്പോഴും കണ്ടെത്തിക്കൊണ്ടിരിക്കും. അതിനാൽ നെൽകർഷകന് വരുമാനമുണ്ടാകുന്ന ഇടപെടൽ സർക്കാർ നടത്തുകയാണ് വേണ്ടത്. ലാഭമായാലും നഷ്ടമായാലും കർഷകന് വരുമാനം ലഭിക്കണം. എല്ലാ ത്യാഗവും ബുദ്ധിമുട്ടുകളും സഹിച്ച് കർഷകൻ കൃഷി ചെയ്തേ പറ്റൂ എന്ന് പറയുന്നതിൽ എന്തു നീതിയാണുള്ളത്. വരുമാനമില്ലാത്ത മേഖലയായതിനാൽ ആരാണ് കൃഷിയിലേക്കെത്തുക. യുവജനങ്ങളെ ആകർഷിക്കാൻ പര്യാപ്തമായ എന്താണീ മേഖലയിലുള്ളത്. പരിസ്ഥിതിപ്രവർത്തകരുടെ മക്കളെപോലും കർഷകമേഖലയിൽ കാണാനില്ല. വൻകിട പദ്ധതികൾ നടപ്പാക്കാൻ വേണ്ടിയായിരിക്കാം നിയമത്തിൽ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഭൂമി ഒരു പദ്ധതിക്കും വേണ്ടി വിൽക്കാൻ കഴിയാത്ത തരത്തിൽ വയലുകൾക്ക് മൂല്യമുണ്ടാകണം. വൻകിടക്കാരുടെ കോടിക്കണക്കിനു രൂപയുടെ വായ്പയും കടവും എഴുതിതള്ളുന്ന നാം കർഷകന്റെ ആയിരങ്ങൾ എഴുതി തള്ളാതെ അവരെ കടക്കെണിയിലാക്കുന്നു. ■